PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 6 • ISSUE : 6
JUNE 2012

എഡിറ്റോറിയൽ

# സഭയും സമൂഹവും

ലോകത്തിൽ ഏറ്റവും കൂടുതൽ ജിവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്ന റോട്ടറി പ്രസ്ഥാനത്തിന്റെ തുടക്കം 1905-ൽ അമേരിക്കയിൽ ഷിക്കാഗോ നഗരത്തിലായിരുന്നു. പോൾഹാരിസിന്റെയും അദ്ദേഹത്തിന്റെ മൂന്നു കൂട്ടുകാരുടെയും സമൂഹത്തോടുള്ള പ്രതിബദ്ധതയായിരുന്നു അതിനുള്ള അവസരം ഒരുക്കിയത്. ഇതിലുള്ള അംഗങ്ങളുടെ ചിന്തയും, സംസാരവും, പ്രവൃത്തിയും ശരിയാണോ എന്നു പരിശോധിക്കുവാൻ ഉതകുന്ന നാല് ചോദ്യങ്ങൾക്കും അവർ രൂപം നൽകി: 1. ഇതാണോ സത്യം ? 2. ഇത് ബന്ധപ്പെട്ട എല്ലാവർക്കും നീതിപൂർവ്വമായതാണോ? 3. ഇത് സൗമനസ്യവും, സൗഹൃദയവും, മൈത്രിയും ഉളവാക്കുമോ? 4. ഇത് എല്ലാവർക്കും ഗുണകരമാകുമോ? എല്ലാ മതക്കാരും അംഗങ്ങളായുള്ള ഈ പ്രസ്ഥാനത്തിന്റെ കാതലും, വേദവാക്യം തന്നെയെന്ന് കാണാം (ലേവ്യ. 19:18). യേശു പഠിപ്പിച്ചതുപോലെ ക്രിസ്ത്യാനികൾ ആയിത്തീരണമെങ്കിൽ മേൽപറഞ്ഞ ചോദ്യങ്ങൾക്ക് 'അതെ' എന്നുത്തരം പറയാൻ സാധിക്കേണ്ടതല്ലേ?. രണ്ടാമത്തെ പ്രധാന ദൈവകൽപ്പനയായി യേശു ഉത്തരം കൊടുത്ത "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്ന" (മത്താ. 22:39) വാക്യത്തിലെ ദൂതും ഇതുതന്നെയല്ലെ?.

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്ന ചിന്താശകലത്തിന്റെ ഉപജ്ഞാതാവായ ശ്രീ. നാരായണ ഗുരുവിനെ പോലെ ഒരു താപസനെ വേറെ കണ്ടിട്ടില്ലെന്ന് രവീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുണ്ടല്ലോ. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നുള്ള വചനവും ഗുരുവിന്റേതു തന്നെ. ഗുരു മതങ്ങളെ തള്ളിപ്പറയുകയല്ല ഇവിടെ. ഏറ്റവും കൂടുതൽ കലഹങ്ങളും, യുദ്ധങ്ങളും സമൂഹത്തിലുണ്ടായിട്ടുള്ളത് മതങ്ങളുടെ പേരിലാണെന്നുള്ള തിരിച്ചറിവാണ് ഈ ഗുരുവചനത്തിലുള്ളത്. മനുഷ്യൻ നന്നായെങ്കിൽ മാത്രമേ അവനുൾപ്പെട്ട മതം നന്നാവുകയുള്ളല്ലോ. ഏകദൈവത്തിൽ വിശ്വസിച്ച് ക്രിസ്തുവിന്റെ അനുയായികളായി എങ്ങനെ ജീവിക്കണമെന്ന് യേശു പഠിപ്പിച്ചിട്ടുണ്ട്. അങ്ങനെ ചെയ്താൽ മതം മനുഷ്യനന്മക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ് എന്ന സത്യം നമുക്ക് മനസ്സിലാകും.

ക്രിസ്തുവിനെയും, സഭയേയും സ്നേഹിക്കുന്നവർ വാശി, വൈരാഗ്യം, പ്രതികാരം ഇവ മറന്ന് മറ്റുള്ളവരെ സ്നേഹിക്കുവാനും, സഹായിക്കുവാനും ശ്രമിച്ചാൽ മാത്രമേ നമ്മിൽകൂടി ക്രിസ്തു ദൗത്യം പൂർണ്ണമാകുകയുള്ളു. "പ്രിയമുള്ളവരെ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടംകൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (റോമ. 12:19). ഇതിന്റെ കൂടെത്തന്നെ കർത്താവ് പറയുന്നുണ്ട് -"നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവന് തിന്നാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങിനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും". തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കണമെന്ന് കർത്താവ് പഠിപ്പിക്കുന്നു (റോമ. 12:20,21).

'വേനൽ' എന്ന ചെറുകഥയിൽ വായിച്ച താഴെപ്പറയുന്ന ചോദ്യങ്ങൾ നമുക്കും കൂടിയല്ലേ എന്ന് തോന്നിപ്പോകും.

***"എല്ലാവർക്കും കൂടി കാണുവാൻ കഴിയുന്ന ഒരു സ്വപ്നം ഉണ്ടാക്കിയെടുക്കുവാൻ നമുക്കെന്നാണ് കഴിയുക?.***

***എല്ലാവർക്കും കൂടി ചൊല്ലാവുന്ന ഒരു പ്രാർത്ഥനയിൽ നാമെന്നാണ് ഒന്നിക്കുക?.***

***നമ്മളെന്നാണ് മഴയുടെ സംഗീതം കേൾക്കുവാൻ ഒരു മരച്ചുവട്ടിൽ ഒന്നിക്കുക?".***

ഇതിനൊക്കെ വേണ്ടിയല്ലേ ന്യായപ്രമാണത്തിൽ ബലഹീനരെ ഓർത്ത് പല ക്രമീകരണങ്ങളും ചെയ്തിരിക്കുന്നത് (ആവ. 15: 7-15, 16:9-15, 25:14-18). യേശുവിന് പ്രഥമ സ്ഥാനം നൽകി, സഭ അനുശാസിക്കുന്ന വിധത്തിൽ ജീവിക്കുകയും പ്രാർത്ഥനാപൂർവ്വം കാര്യങ്ങളെ സമീപിക്കുകയും ചെയ്താൽ നാമറിയാതെ തന്നെ പല സൽഗുണങ്ങളും നമ്മിൽ രൂപം കൊള്ളും. തൽഫലമായി നമ്മുടെ ചുറ്റുമുള്ളവരെ നമ്മെപ്പോലെ തന്നെ കരുതുവാനും, സഹായമാവശ്യമുള്ളവർക്ക് അത് നൽകുവാനും സാധിക്കും. അപ്പോഴാണ് ജീവിതം അർത്ഥവത്തായിത്തീരുന്നത്. ■

ഇടയ ലേഖനം

# ഉയരത്തിൽ നിന്നുള്ള ശക്തി

**(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)**



"സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹാ..."

വിശ്വാസപ്രമാണത്തിൽ ഇപ്രകാരമാണ് വിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവിനെ വർണ്ണിച്ചിരിക്കുന്നത്. സൃഷ്ടിയുടെ പ്രഥമ കാണ്ഡത്തിൽ തന്നെ "വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്ന" ദൈവാത്മാവിനെപ്പറ്റി പരാമർശമുണ്ട്. പിന്നീടങ്ങോട്ട് റൂഹായുടെ സാന്നിദ്ധ്യം ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്നു. കർത്താവിന്റെ മാമോദീസയിൽ 'പ്രാവിന്റെ രൂപത്തിലും' പെന്തിക്കൊസ്തി ഞായർ കാലത്ത് "പിളർന്നിരിക്കുന്ന അഗ്നിനാവുകളുടെ" രൂപത്തിലും പരിശുദ്ധ റൂഹാ പ്രത്യക്ഷമായി കാണപ്പെടുന്നു. ഈ ആശ്വാസപ്രദനാണ് കർത്താവിന്റെ സ്വർഗാരോഹണാനന്തരം സഭയെ വിശുദ്ധീകരിച്ച് ശക്തിപ്പെടുത്തി നയിക്കുന്നത്. എപ്പോഴും അമാനുഷികമായ സംഗതികൾ പ്രവർത്തിക്കുകയും അന്യഭാഷാഭാഷണത്തിൽ വെളിപ്പെടുകയും ചെയ്യുന്ന ആളത്വം എന്ന നിലയിലേക്ക് പരിശുദ്ധാത്മാവിനെ പരിമിതപ്പെടുത്തി തരംതാഴ്ത്തുന്നത് കേവലം അജ്ഞതയാണ്.

കർത്താവിന്റെ വചസ്സുകൾ പറഞ്ഞു തരുന്ന സത്യം ഏറെ ലളിത സുന്ദരമാണ്.

ആശ്വാസം നൽകുന്നവനാണ് പരിശുദ്ധ റൂഹ.

അസത്യത്തിൽ നിന്നും അജ്ഞതയിൽ നിന്നും സത്യത്തിന്റെ ജ്ഞാനപ്രകാശത്തിലേക്ക് നടത്തുന്നവനാണ് പരിശുദ്ധാത്മാവ്.

പാപികൾക്ക് പാപബോധവും അനുതാപവും ഉളവാകാൻ സഹായിച്ച് അവരെ ഋണവിമുക്തനാക്കുന്നത് പരിശുദ്ധാത്മാവാണ്.

നല്ല ചിന്തകൾക്കും പ്രവൃത്തികൾക്കും പ്രേരണയാകുന്നത് പരിശുദ്ധാത്മാവാണ്.

വി. പൗലോസ് പരിശുദ്ധാത്മാവിന്റെ നിറവ് ലഭിക്കുന്നയാളിനെ എങ്ങനെ തിരിച്ചറിയാമെന്ന് വ്യവഹരിക്കുന്നുണ്ട് (ഗലാ 5: 22-23). അവിടെ വിസ്തരിക്കുന്ന സുകൃതങ്ങളാണ് ആ അടയാളങ്ങൾ. അവയുടെ ലക്ഷണങ്ങളല്ലാതെ മനുഷ്യകൽപിതങ്ങളായ വികാരപ്രകടനങ്ങളും 'ക്രമ'മില്ലായ്മയും വി. റൂഹായുടെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. പെന്തിക്കൊസ്തി വരെ വിശ്വസ്തതയോടെ കാത്തിരിക്കുന്നവർ ഹൃദയശുദ്ധീകരണവും സുകൃതാഭ്യാസവും പഠിച്ച് അവ ശീലമാക്കാൻ പരിശുദ്ധ റൂഹ ഇറങ്ങിവന്ന് സഹായിക്കും. വിനയത്തിന്റെയും വിശുദ്ധിയുടെയും ദൈവിക ജ്ഞാനത്തിന്റെയും ശക്തിയാണ് വിശുദ്ധ റൂഹ എത്തിച്ചു തരുന്നത്. നവീന "neo-mystics" അവകാശപ്പെടുന്ന പല "ആത്മ വ്യാപാരങ്ങളും" 'വിപണി' ഉന്നം വച്ചു തന്നെയുള്ളതാണെന്ന് തിരിച്ചറിയണം.

പരിശുദ്ധാത്മാവിനോടുള്ള പുരാതനമായ പ്രാർത്ഥന ആവർത്തിക്കാം.

***"സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവേ... ഞങ്ങളിൽ ജ്വലിച്ച് പ്രകാശിച്ച് നീതിയുടെയും സത്യത്തിന്റെയും പാതകളിൽ ഞങ്ങളെ നടത്തണമെ"*** ■

## വികാരിയുടെ കത്ത്

# പഠനം മൂല്യബദ്ധമാവട്ടെ

ഫാ. പ്രിൻസ് മാത്യു



അറിവിന്റെ ആശ്ചര്യ ലോകം തുറന്ന് വീണ്ടും ഒരു അദ്ധ്യയന വർഷം കൂടി. ആദ്യാക്ഷരങ്ങൾ കുറിക്കുന്നവരും മുന്നമെ ഹരിശ്രീ കുറിച്ച് നാനാക്ഷരങ്ങൾ പഠിച്ചവരും ഈ നാളുകളിൽ പുസ്തകസഞ്ചിയും സമാനനിറവസ്ത്രങ്ങളുമെല്ലാമായി വിദ്യാലയങ്ങളിലേക്ക്. അവധിക്കാലവും അതിലുണ്ടായിരുന്ന ചെറുതും വലുതുമായ സന്തോഷങ്ങളും അനുഭവങ്ങളിലൂടെയുള്ള അറിവാർജ്ജിക്കലും അന്യം നിന്ന് പോയിരിക്കുന്നു. എങ്കിലും ജൂണിലെ ആദ്യദിനങ്ങൾ ഈ നാട്ടിൽ ഇന്നും പ്രധാനപ്പെട്ടതു തന്നെ. ഇതിനു തെളിവെന്നോണം ജൂൺ ഒന്നിലെ കുഞ്ഞുമുഖങ്ങളിലെ വലിയ തേങ്ങൽ ഇന്നുമുണ്ട്.

യഥാർത്ഥത്തിൽ ഈ നാളുകൾ, ഒരുത്സവകാലത്തെതന്നെ അനുസ്മരിപ്പിക്കുന്നു,. പുതിയ കുടയും ബാഗും പുസ്തകങ്ങളും ഷൂസും യൂണിഫോമും എല്ലാമായി (പുതിയ കാലത്തിന്റെ പ്രത്യേകതയായി റ്റിഫിൻ ബോക്സ് ഏറെക്കുറെ ഒഴിവായി) മാതാപിതാക്കളും കുട്ടികളും ചുറ്റുപാടുകളും തിരക്കോടുതിരക്കിൽ! വലിയ പ്രതീക്ഷയിലും സന്തോഷത്തിലും തന്നെയാണ് രക്ഷിതാക്കളും കുട്ടികളും. വേണ്ടുന്നതെല്ലാം ഒരുക്കി അയക്കപ്പെടുന്ന കുട്ടികളെക്കുറിച്ചുള്ള പ്രതീക്ഷകൾ കാലമേറുന്തോറും കൂടിവരികയാണ്. അമ്മയപ്പൻമാരോടൊപ്പം കുട്ടികളെ പഠിപ്പിച്ച് ഒരു 'സ്ഥാന'ത്താക്കാൻ വിദ്യാലയങ്ങളും രംഗത്ത് നിന്ന് ഒട്ടും പിറകിലല്ല.

പുതിയ കാലത്തെ വിദ്യാഭ്യാസം എല്ലാ മേഖലകളിലും വൈശിഷ്ഠ്യം ( Excellence) നിറയ്ക്കുന്നതാണെന്ന് പറയാതെ വയ്യ. പഠനനിലവാരത്തിന്റെ തോതും വർദ്ധമാനമായിട്ടുണ്ട്. അത് റാങ്കായാലും ഗ്രേഡായാലും.

പണ്ട് ഇത്രയും അറിവോ, അതിനുള്ള സാദ്ധ്യതകളോ സ്ഥാപനങ്ങളോ കുറവായിരുന്നു. മൂല്യബദ്ധമായ വിദ്യാഭ്യാസം എന്നത് കൂടുതൽ പ്രകടവും. സാധുജനസേവയും സഹാനുഭൂതിയും ഒക്കെ ചില സ്കൂളുകളെങ്കിലും ഇന്നും ശീലിപ്പിക്കുന്നത് അവയൊക്കെ വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ട മൂല്യങ്ങൾ തന്നെയാണെന്ന ബോധ്യത്തിൽ തന്നെയാണ്. കുട്ടികളും രക്ഷിതാക്കളും "ശോഭനമായ ഭാവി- Successful career മാത്രം ലക്ഷ്യമിടുമ്പോൾ ആരോ കുറിച്ചതു പോലെ "വിദ്യാഭാസമായി " മാറുകയാണ്.

വ്യക്തിത്വത്തിന്റെ സമ്പൂർണ്ണമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. നേടിയ അറിവുകൾ തിരിച്ചറിവിലേക്ക് നയിക്കണം എന്ന് സ്പഷ്ടം. ശാരീരികമായി ആരോഗ്യമുള്ളതും വൈകാരികമായി കരുത്തുള്ളതും അക്കാഡമിക്കലി ശ്രേഷ്ഠത നിറഞ്ഞതും ആത്മീകമായി നിറവുള്ളതും ഒക്കെയായ വ്യക്തിത്വം വിദ്യാഭ്യാസത്തിലൂടെ ലഭിക്കണം. മുടക്കിയ മുതൽ പഠനശേഷം എങ്ങിനെയും തിരികെ ലഭിക്കണം എന്ന കാഴ്ചപ്പാട് മുന്തിനിൽക്കുമ്പോൾ ശരിയായ ലക്ഷ്യങ്ങൾക്ക് വൈകൃതം വരുകയാണ്.

രണ്ടു വിധത്തിലുള്ള അറിവുകൾ ഉണ്ടെന്നാണ് പറയുന്നത്. Unspiritual knowledge- ഭൗതികമായ, അനാത്മീയമായ, അല്ലെങ്കിൽ പ്രാപഞ്ചികമായ അറിവുകൾ. ഏതെങ്കിലുമൊക്കെ വിധത്തിലുള്ള സ്വയം പര്യാപ്തതയ്ക്ക് വേണ്ടിയുള്ളതാണിവ. ഇത് നേടുന്നതിലൂടെ ഭൗതികലോക ജീവിതത്തിന്റെ പ്രാപ്തി വർദ്ധിക്കുന്നു. ആദ്യം സൂചിപ്പിച്ച Successful career എന്നത് സംജാതമാകുന്നു. Superior knowledge- ഉത്തമവും, ഉൽകൃഷ്ടവുമായ അറിവുകൾ. ഇവിടെയാണ് ബിരുദം വിദ്യാഭ്യാസമാകാത്തത്. ഒന്നിനേക്കാൾ ഒന്നു മെച്ചം എന്നല്ല. രണ്ടിന്റേയും സംയോജിത രൂപമാണ് കാലത്തിനാവശ്യം. പരസ്പരം തിരിച്ചറിയുന്ന പച്ച മനുഷ്യരുടെ സമൃദ്ധ സമൂഹം. ജീവിക്കുന്ന സമൂഹത്തിൽ, നിസ്വാർത്ഥ സേവനം മനുഷ്യനന്മയ്ക്കായി നിർവ്വഹിക്കുന്ന സുമനസ്സുകൾ വിദ്യാഭ്യാസം കൊണ്ടുണ്ടാകണം. ■

## ദൈവം തരുന്നത് വേണ്ട വിധത്തിൽ ഉപയോഗിക്കാൻ

വളരെ സമ്പന്നനായ, ദാനധർമ്മങ്ങളിൽ ഒട്ടും വിശ്വാസിക്കാത്തവനുമായ ഒരു വ്യക്തി ഒരിക്കൽ തന്റെ തോട്ടക്കാരനോട് ചോദിച്ചു "എനിക്ക് ഇത്രയും സമ്പത്തുണ്ടായിരുന്നെങ്കിൽ എന്നു നീ ആഗ്രഹിക്കുന്നില്ലേ?" തോട്ടക്കാരൻ ഇങ്ങനെ മറുപടി പറഞ്ഞു. "ഇല്ല എനിക്ക് ആ ആഗ്രഹമില്ല, എന്നാൽ നിങ്ങളുടെ സകല സമ്പത്തും ഒന്നു നോക്കിക്കാണണമെന്ന ആഗ്രഹമുണ്ട്". ഇതു കേട്ട മുതലാളി അയാളെ തന്റെ സ്വർണ്ണത്തിന്റെയും , വെള്ളിയുടെയും ശേഖരം കാണിക്കുവാൻ തീരുമാനിച്ചു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് തോട്ടക്കാരനെയും കൂട്ടി മുതലാളി തന്റെ നിലവറയിൽ വന്ന് തന്റെ സമ്പാദ്യമെല്ലാം കാണിച്ചു കൊടുത്തു. എല്ലാം കണ്ട് പുറത്ത് വന്ന തോട്ടക്കാരൻ ഇങ്ങിനെ പറഞ്ഞു. "ഞാനിപ്പോൾ മുതലാളിയേക്കാൾ സന്തുഷ്ടനാണ്, എന്തെന്നാൽ താങ്കൾക്കും അത് നോക്കിക്കാണാനേ നിവൃത്തിയുള്ളൂ. താങ്കൾക്ക് ഉപയോഗിക്കാവുന്നതിൽ വളരെ കൂടുതലുള്ള ഈ സമ്പത്ത് കൂട്ടിവച്ച് നോക്കിക്കാണാമെന്നല്ലാതെ താങ്കൾക്കും മറ്റൊന്നും ചെയ്യാൻ സാധിക്കയില്ലല്ലോ".

ഒരിക്കൽ പന്നി പശുവിനോടു പരാതി പറഞ്ഞ ഒരു കഥയുണ്ട്. എന്തുകൊണ്ടാണ് മനുഷ്യർ നിന്നെ മാത്രം ഇത്രയും പുകഴ്ത്തുകയും ആരാധിക്കുകയും ചെയ്യുന്നത്. "എന്തുകൊണ്ടാണ് മനുഷ്യർ നിന്നെ ഇത്ര മാത്രം സ്നേഹിക്കുന്നത്. നീ മനുഷ്യർക്ക് പാലും വെണ്ണയും നൽകുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷെ എന്റെ മാംസം ബേക്കൺ, പോർക്ക് എന്നിങ്ങനെ പല രൂപത്തിലും, എന്റെ രോമം ബ്രഷ് നിർമ്മിക്കാനും മനുഷ്യർ ഉപയോഗിക്കുന്നുണ്ടല്ലോ". പശു ഇതു കേട്ടിട്ട് ഇങ്ങനെ മറുപടി പറഞ്ഞു. ഞാൻ ജീവിച്ചിരിക്കുമ്പോൾ മനുഷ്യർക്ക് ദിവസവും എന്തെങ്കിലുമൊക്കെ നൽകുന്നു. നീ മരിച്ചതിനു ശേഷം ഒരിക്കൽ മാത്രം മനുഷ്യർക്ക് പ്രയോജനമുള്ള എന്തെങ്കിലും നൽകുന്നു. ഒരു പക്ഷേ ഇതുകൊണ്ടായിരിക്കണം മനുഷ്യർ എന്നെ സ്നേഹിക്കുകയും നിന്നെ കൂടുതൽ കരുതാതിരിക്കുകയും ചെയ്യുന്നത്. നാം ജീവിച്ചിരിക്കുമ്പോൾ ബാക്കിയുള്ളവരെ കരുതുകയും സഹായിക്കുകയും വേണമെന്നർത്ഥം.

## THE MISSING GOD

The twin boys aged about seven years of Avirachan created all kinds of problems in the neighbour hood where they lived. Avirachan, a mechanic by profession used to come home in an inebriated condition who regularly pitches a quarrel with his wife before their children showering all types of filthy languages. On a Sunday evening their Parish priest visited enquiring the well being of the family. The mother of the twins presented a list of complaints concerning her husband and children. Giving a patient ear to the list the priest called the children by his side and spoke in a silent mode that the God is missing from the house. In the next moment the clergy asked them, where is the God? The twin boys looked at each other surprisingly and kept mum. Breaking the silence the priest once again repeated the question with a little harshness in his voice. This time the children ran to their mother and sobbed confessing that they are not the culprits! Their mother a bit confused came out from the kitchen in support of her children clarifying that they are innocent in the God missing case. In the meantime their father who entered the house also supported his family's stand in the matter. At this point the Priest laughed loudly and made them understand the real meaning of the 'missing God'. A few weeks later when the priest made another visit the children came before him shouting we have found our God!

Petson Peter C

# സംയുക്ത ഓർമ്മപ്പെരുന്നാൾ








മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അതിപുരാതനമായ കൊച്ചി മെത്രാസനത്തിലെ മുൻ മെത്രാപ്പോലീത്തന്മാരായ ഭാഗ്യസ്മരണാർഹരായ ശെമവൂൻ മാർ ദീവന്നാസിയോസ്, പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി 2012 മെയ് മാസം 18, 19, ( വെള്ളി, ശനി) തീയതികളിൽ കൊരട്ടി സീയോൻ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. പെരുന്നാളിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, അങ്കമാലി മെത്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്, അഹമ്മദാബാദ് മെത്രാസനാധിപൻ അഭി. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ നേതൃത്വം നൽകി. വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ.ജേക്കബ് കുര്യന്റെ അനുസ്മരണ പ്രഭാഷണത്തോടൊപ്പം പുതുതായി തിരഞ്ഞെടുക്കപ്പെട്ട സഭാസ്ഥാനികളെയും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും പൊന്നാട നൽകി അനുമോദിക്കുകയും ചെയ്തു. 18ന് വെള്ളിയാഴ്ച സന്ധ്യാ നമസ്കാരത്തോടൊപ്പം ആരംഭിച്ച പെരുന്നാൾ ചടങ്ങുകൾ ശനിയാഴ്ച ഉച്ചയ്ക്ക് നേർച്ച സദ്യയോടെ ശുഭമായി പര്യവസാനിച്ചു.

## ശരിയായ ഉത്തരം

അമേരിക്കയിൽ Michigan സംസ്ഥാനത്തെ ജനപ്രതിനിധി സഭയിൽ, കാൻസർ ഓപ്പറേഷനു വിധേയനായ ഒരു സാമാജികൻ വായിച്ചതായ അദ്ദേഹത്തിന്റെ അനുഭവ സാക്ഷ്യം:-

ചില നേട്ടങ്ങൾക്ക് ആവശ്യമായ ശക്തി തരണമെന്ന് ഞാൻ ദൈവത്തോട് അപേക്ഷിച്ചു. വിനയത്തോടെ അവനെ അനുസരിക്കാൻ ഞാൻ പഠിക്കേണ്ടതിന് അവൻ എന്നെ ബലഹീനനാക്കി. വലിയ കാര്യങ്ങൾ പ്രവർത്തിക്കുന്നതിന് ഞാൻ ആരോഗ്യം ചോദിച്ചു. ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്യുന്നതിന് അവൻ എന്നെ രോഗിയാക്കി. സന്തോഷം അനുഭവിക്കുന്നതിന് ഞാൻ ധനം ചോദിച്ചു. ഞാൻ ബുദ്ധിമാനാകുന്നതിന് അവൻ എനിക്ക് ദാരിദ്ര്യം നൽകി. മറ്റുള്ളവർ എന്നെ പുകഴ്ത്തുന്നതിനു വേണ്ടി ഞാൻ അധികാരം ചോദിച്ചു. എനിക്ക് ആവശ്യം ദൈവസഹായമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി എനിക്ക് ബലഹീനത നൽകപ്പെട്ടു. ജീവിതം ആസ്വദിക്കുന്നതിനു വേണ്ടതെല്ലാം ഞാൻ ചോദിച്ചു. എല്ലാ കാര്യങ്ങളും ആസ്വദിക്കാൻ കഴിയേണ്ടതിനാവശ്യമായ ജീവൻ എനിക്ക് ലഭിച്ചു. ഞാൻ ചോദിച്ചതെല്ലാം തെറ്റായിരുന്നു, എങ്കിലും എന്റെ പ്രാർത്ഥനകൾക്ക് ശരിയായ മറുപടി ലഭിച്ചു.

## കുടുംബ വിശേഷങ്ങൾ

# നേതാക്കളെ ദൈവത്തിന് പകരം വയ്ക്കരുത്

ഒരിക്കൽ അമേരിക്കയിലെ ബ്രൂക്ക്‌ലീൻ എന്ന സ്ഥലത്തെ ഒരു പള്ളിയിൽ പ്രസംഗിക്കുവാൻ പ്രസിദ്ധ സുവിശേഷകനായ ഹെൻട്രി വാർഡ് ബീച്ചർക്ക് പകരം അദ്ദേഹത്തിന്റെ സഹോദരനാണ് ചെല്ലുവാൻ സാധിച്ചത്. അത് ഇഷ്ടപ്പെടാതെ പല ആളുകളും ഇറങ്ങിപ്പോയി. ഇതു മനസ്സിലാക്കിയ പ്രാസംഗികൻ ഇങ്ങനെ പറഞ്ഞു. "ഇന്ന് ഇവിടെ ഹെൻട്രി ബീച്ചറിനെ ആരാധിപ്പാൻ വന്നവരെല്ലാം ഈ ദേവാലയത്തിൽ നിന്ന് പുറത്ത് പോകണമെന്ന് അപേക്ഷിക്കുന്നു. ദൈവത്തെ ആരാധിപ്പാൻ വന്നവർക്കൊക്കെ ഇവിടെ ഇരിക്കാം".

ദൈവത്തിനുള്ള സ്ഥാനം ഒരു മഹൽവ്യക്തികൾക്കും കൊടുക്കുവാൻ പാടില്ല. ഭക്തന്മാരായ നേതാക്കന്മാരുടെ മാതൃക നമുക്കും പിൻതുടരാം. എന്നാൽ നമ്മുടെ ഭക്തിയും ആരാധനയും യഥാർത്ഥത്തിൽ അർഹിക്കുന്നത് നമ്മുടെ രക്ഷകനായ യേശുക്രിസ്തു മാത്രമാണ്. എത്ര വലിയ നേതാവായാലും അവരെയെല്ലാം "ദൈവത്തിങ്കലേക്കുള്ള വഴിയിൽ" കണ്ടുമുട്ടുന്ന വഴികാട്ടികളായേ നാം കാണാവൂ.

"നീ തന്നെ ചെന്ന് യുദ്ധത്തിൽ ധൈര്യം കാണിക്കുക. അല്ലാത്തപക്ഷം ദൈവം നിന്നെ ശത്രുവിന്റെ കയ്യിൽ വീഴിച്ചേക്കും"(2 ദിന 25:8). യഹൂദ രാജാവായ അമസ്യാവ് ദൈവഹിതമനുസരിച്ച് ജീവിച്ചു. എന്നാൽ ഏദോമ്യരുമായി യുദ്ധമുണ്ടായപ്പോൾ സ്വന്തം പട്ടാളം പോരാ എന്നു കരുതി വടക്കേ രാജ്യമായ യിസ്രായേലിന്റെ സൈന്യത്തെ സഹായത്തിനു വിളിച്ചു. അത് ദൈവത്തിന് ഇഷ്ടമായില്ല. ഒരു ദൈവദൂതൻ അമസ്യാവിന്റെ പ്രവർത്തി തെറ്റാണെന്നും ദൈവഹിതത്തിനെതിരാണെന്നും അറിയിച്ചു. അതുകേട്ട അമസ്യാവ് യിസ്രായേൽ സൈന്യത്തെ തിരികെ അയച്ച് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് സ്വന്തം സൈന്യവുമായി പോയി യുദ്ധത്തിൽ ജയിച്ചു.

വൈഷമ്യങ്ങൾ കാരണം ദൈവമക്കൾ മറ്റുള്ളവരുടെ സഹായം തേടുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. ആൾ സ്വാധീനമോ, ധനസമൃദ്ധിയോ ഉള്ളവരെ ആകർഷിച്ച് അവരുടെ സഹായം കൊണ്ട് വൈഷമ്യങ്ങൾ തരണം ചെയ്യാമെന്ന് ചിന്തിക്കുന്നത് മൗഢ്യമാണ്. ദൈവമക്കൾ ദൈവം ഇല്ലാത്തവരുടെ സഹായം തേടാൻ ശ്രമിക്കരുത്. ദൈവഹിതം മനസ്സിലാക്കിയും ദൈവം കാണിച്ചുതരുന്ന വഴിയേ സഞ്ചരിച്ചും വേണം വൈഷമ്യങ്ങൾ തരണം ചെയ്യാൻ ശ്രമിക്കുന്നത്. ദൈവം ശക്തനാണ്. ആവശ്യങ്ങൾ അറിഞ്ഞ് തക്കസമയം അവൻ സഹായിക്കുമെന്ന് പൂർണ്ണമായി വിശ്വസിക്കുവാൻ സാധിക്കണം. ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവരെ ഒരിക്കലും ദൈവം കൈവിടുകയില്ല.

ദൈവത്തോടുചേർന്ന് ജീവിതപോരാട്ടം ആരംഭിച്ചവർ ഇടയ്ക്കുവച്ച് മനുഷ്യരിൽ വിശ്വസിച്ചു കൊണ്ട് മാത്രം മുമ്പോട്ടു പോകുവാൻ ശ്രമിക്കരുത്. ബൈബിളിന്റെ നടുക്കത്തെ വാക്യമായി അറിയപ്പെടുന്നത് "മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്" (സങ്കീ 118:8) എന്നതാണല്ലോ.

# എന്തുകൊണ്ട് എന്നല്ല, ഇനിയെന്ത്?

ജോഷ്വ അച്ചന്റെ കൊച്ചമ്മയുടെ (ഡോ: മറിയാമ്മ ജോഷ്വ) ശവസംസ്കാരത്തിനു പോകാൻ തയ്യാറെടുക്കുകയായിരുന്നു. അച്ചനെ കാണുമ്പോൾ എന്താണു പറയേണ്ടത്, എങ്ങനെ ആശ്വസിപ്പിക്കും എന്ന ചിന്തയായിരുന്നു പ്രധാനം. അച്ചനെപ്പോലെ ദൈവവിശ്വാസവും ലോകജ്ഞാനവുമുള്ള ഒരാളെ ഈയുള്ളവൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചാൽ അത് അവിവേകമാകുമോ എന്ന സംശയവും. ഉറങ്ങാൻ കിടന്നപ്പോൾ ഒരു ആശയവും മനസിൽ തോന്നിയിരുന്നില്ല. രാവിലെ എഴുന്നേറ്റ് വേദപുസ്തകവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാറുള്ള എനിക്ക് അന്നത്തെ വായനാഭാഗത്തു കണ്ടത് എന്റെ സംശയത്തിനുള്ള മറുപടിയായിരുന്നു.

നമ്മുടെ ജീവിതത്തിൽ അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ അത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് ദൈവത്തോടു ചോദിക്കുന്നതിനു പകരം "കർത്താവേ ഞാനിപ്പോൾ എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്"? എന്നതായിരിക്കണം നമ്മുടെ മനസിൽ. പലപ്പോഴും നാം അറിയാതെ തന്നെ " അയ്യോ കർത്താവേ നിനക്കു വേണ്ടി ജീവിക്കുന്ന എനിക്ക് ഇതെങ്ങനെ സംഭവിച്ചു? എന്നു ചോദിച്ചു പോവാറുണ്ട്. ഈ ചോദ്യം മനുഷ്യസഹജമാണ്. ക്രിസ്തീയമെന്ന് പറയാനാവില്ല.

അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിലുള്ള ആശ്രയം വിടാതെ "പിൻപിലുള്ളത് മറന്നും മുൻപിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു" (ഫിലി 3:14) എന്ന് വി. പൗലോസ് പറഞ്ഞതുപോലെ നമുക്കും പറയുവാൻ സാധിക്കണം.

**കെ.കെ.ജോർജ്ജ്**

## പ്രീമാര്യേജ് കൗൺസലിംഗ്

ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രീമാര്യേജ് കൗൺസലിംഗ് ഇടവക മെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം രണ്ടുമാസം കൂടുമ്പോഴുള്ള ആദ്യ ശനിയാഴ്ചകളിൽ മാത്രമായി ക്രമീകരിച്ചു. ഇതനുസരിച്ച് ആദ്യ കൗൺസലിംഗ് 2012 ജൂൺ 2-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 4 മണി വരെ കൊരട്ടി സെമിനാരിയിൽ നടന്നു. ജൂണിന് ശേഷമുള്ള കൗൺസിലിംഗ് ഒന്നിടവിട്ട മാസങ്ങളിലെ( ഓഗസ്റ്റ്, ഒക്ടോബർ.... etc) ആദ്യ ശനിയാഴ്ചകളിൽ നടക്കും.

## മർത്തമറിയം വനിതാ സമാജം

**ഏപ്രിൽ 28, 2012-ൽ നടന്ന സമാജം**
**തെക്കൻ മേഖലാ മത്സര വിജയികൾ**

വേദവായന സൂപ്പർ സീനിയർ - IInd - ആനി ജോസ്
സിംഗിൾ സോംഗ് സീനിയർ - IInd - ലതാ സൈമൺ
സിംഗിൾ സോംഗ് സൂപ്പർ സീനിയർ - IIIrd - മറിയാമ്മ ബാബു
(സ്ഥലപരിമിതി കൊണ്ട് കഴിഞ്ഞ ലക്കത്തിൽ ചേർക്കുവാൻ സാധിച്ചില്ല)

## വിവാഹം



എറണാകുളം നോർത്ത് ലിസ്സി ഹോസ്പിറ്റൽ റോഡിൽ മണിച്ചിറയ്ക്കൽ അഡ്വ. ജോർജ്ജ് വർഗ്ഗീസിന്റെയും ശ്രീമതി ബെറ്റി ജോർജ്ജിന്റെയും മകൻ **രോഹിത് ജോർജ്ജും** തേവലക്കര തടത്തിൽ പുത്തൻ വില്ലയിൽ ശ്രീ കോശി ചെറിയാന്റെയും ശ്രീമതി സൂസൻ ചെറിയാന്റെയും മകൾ **ദിവ്യ ആനി ചെറിയാനും** തമ്മിലുള്ള വിവാഹം 7-5-2012-ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതനായി



കടവന്ത്ര മുട്ടത്തിൽ ലൈനിൽ അകമ്പള്ളിൽ **കെ. സി ജോസഫ്** (74) 17-5-2012 ൽ നിര്യാതനായി. കുറിഞ്ഞി സെന്റ് പോൾസ് & സെന്റ് പീറ്റേഴ്സ് പള്ളി സെമിത്തേരിയിൽ 20-5-2012 ന് അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വിശേഷദിവസങ്ങൾ

**ജൂൺ 2012**

| | | |
|---|---|---|
| 16 ശനി | - | ശ്ലീഹാ നോമ്പാരംഭം |
| 29 വെള്ളി | - | ശ്ലീഹാ നോമ്പു വീടൽ, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ |
| 30 ശനി | - | പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ |

## എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ-വി.കുർബ്ബാനസമയം

June 03 - 10.30 a.m. | June 10 - 7.00 a.m. | June 17 -10.30 a.m | June24 - 7.00 a.m.

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**